**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 971** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>അൻപ് വീട് പദ്ധതിയുടെ വിപുലീകരണ നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** അൻപ് വീട് പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതിയും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന പ്രക്രിയയും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** അൻപ് വീട് പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതിയും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന പ്രക്രിയയും സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

ബൗദ്ധിക ഭിന്നശേഷിയുള്ള വ്യക്തികൾക്കും അവരുടെ കുടുംബങ്ങൾക്കും ആവശ്യമായ പിന്തുണയും സംരക്ഷണവും ഉറപ്പാക്കുന്നതിനും, പ്രത്യേകിച്ച് മാതാപിതാക്കളോ നിയമപരമായ രക്ഷിതാക്കളോ ചികിത്സ, ആശുപത്രിവാസം, യാത്ര, മറ്റ് വ്യക്തിപരമായ ആവശ്യങ്ങൾ, ഗുരുതരമായ രോഗാവസ്ഥ എന്നിവ നേരിടുന്ന സാഹചര്യങ്ങളിൽ ഭിന്നശേഷിയുള്ള വ്യക്തികളുടെ സുരക്ഷിതമായ പരിചരണം ഉറപ്പാക്കുന്നതിനായി സർക്കാർ അംഗീകൃത താൽകാലിക സംരക്ഷണം ഒരുക്കുന്ന പദ്ധതിയാണ് "അൻപ് വീട്" പദ്ധതി. പ്രസ്തുത പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 1,00,00,000/- രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ 8 ജില്ലകളിൽ നിന്നുള്ള 12 അർഹരായ സർക്കാർ അംഗീകൃത സന്നദ്ധ സംഘടനകളെയും ഭിന്നശേഷിയുള്ള വ്യക്തികൾ ഉൾപ്പെടുന്ന 3 കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിൽ റെസിഡൻഷ്യൽ സൗകര്യത്തോടുകൂടിയ Respite Care സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ഒരേ സമയം കുറഞ്ഞത് 5 ഗുണഭോക്താക്കൾക്ക് താൽക്കാലിക താമസവും പരിചരണവും നൽകുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും. ഭിന്നശേഷിവ്യക്തികൾ ഉൾപ്പെടുന്ന കുടുംബങ്ങളിൽ ഒരു സമയം ഒരാൾക്ക് മാത്രം പ്രവേശനം അനുവദിക്കും ഒരു ഗുണഭോക്താവിന് തുടർച്ചയായി പരമാവധി 7 ദിവസം വരെ Respite Care സൗകര്യം അനുവദിക്കുന്നതാണ്. 7 ദിവസത്തിൽ കൂടുതൽ താമസസൗകര്യം ആവശ്യമായി വരുന്ന പ്രത്യേക സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ മുൻകൂർ അനുമതി ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കൾക്ക് താമസസൗകര്യവും ആവശ്യമായ കെയർ സപ്പോർട്ടും നൽകുന്നതിനായി ഒരാൾക്ക് പ്രതിദിനം 1,500/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതാണ്.

ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ്

റെസ്പൈറ്റ് കെയർ സേവനം ആവശ്യമായ വ്യക്തിയുടെ രക്ഷിതാവോ നിയമപരമായ രക്ഷാകർത്താവോ നിർദിഷ്ട അപേക്ഷാ ഫോമിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ ഗുണഭോക്താവിന്റെ വ്യക്തിവിവരങ്ങൾ, ഭിന്നശേഷിയുടെ വിശദാംശങ്ങൾ, ആരോഗ്യസ്ഥിതി, റെസ്പൈറ്റ് കെയർ സേവനം ആവശ്യമായതിന്റെ കാരണം, ആവശ്യമായ താമസകാലയളവ് എന്നിവ രേഖപ്പെടുത്തണം. കൂടാതെ സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകളുടെയും പ്രത്യേക പരിചരണം ആവശ്യമെങ്കിൽ അതിന്റെ വിവരങ്ങളും, അടിയന്തര സാഹചര്യത്തിൽ ബന്ധപ്പെടേണ്ട വ്യക്തിയുടെ വിവരങ്ങളും ഉൾപ്പെടുത്തണം. റെസ്പൈറ്റ് കെയർ സേവനം ആവശ്യമായ സാഹചര്യത്തിൽ അപേക്ഷ ബന്ധപ്പെട്ട റെസ്പൈറ്റ് കെയർ

സ്ഥാപനത്തിൽ നേരിട്ട് സമർപ്പിക്കാവുന്നതാണ്. നിർദിഷ്ട മാതൃകയിൽ ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷ, സ്ഥാപനം ഉടൻ തന്നെ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് ഇ- മെയിൽ മുഖേന കൈമാറുന്നതാണ്. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർ 24 മുതൽ 48 മണിക്കൂറിനകം അപേക്ഷ പരിശോധിച്ച് അനുമതി നൽകും. അപേക്ഷ നിരസിക്കുന്ന പക്ഷം, അതു സംബന്ധിച്ച വിവരം ജില്ലാ സാമൂഹ്യനീതി ഓഫീസർ സ്ഥാപനത്തെ രേഖാമൂലം അറിയിക്കുന്നതാണ്. റെസ്പൈറ്റ് കെയർ സേവനം ആവശ്യപ്പെടുന്ന വ്യക്തിയിൽ നിന്ന് അപേക്ഷ നേരിട്ട് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് ലഭിക്കുന്ന പക്ഷം, ജില്ലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും ഒരു അൻപ് വീട്ടിൽ പ്രവേശനം അനുവദിച്ചുകൊണ്ട് ജില്ലാ ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**<u>അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ</u>**

- നിശ്ചിത മാതൃകയിലുള്ള അപേക്ഷ/സത്യവാങ്മൂലം. (Undertaking/Affidavit)
- ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- തിരിച്ചറിയൽ രേഖയുടെ പകർപ്പ്
- ആവശ്യമായ ആരോഗ്യ/മെഡിക്കൽ രേഖകൾ
- സ്ഥിരമായി ഉപയോഗിക്കുന്ന മരുന്നുകളുടെ വിവരങ്ങൾ (ആവശ്യമെങ്കിൽ)
- അടിയന്തര സാഹചര്യത്തിൽ ബന്ധപ്പെടേണ്ട വ്യക്തിയുടെ വിവരങ്ങൾ

**സത്യവാങ്മൂലത്തിൽ ഉൾപ്പെടുത്തേണ്ട കാര്യങ്ങൾ**

- അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്നുള്ള പ്രഖ്യാപനം.
- ഗുണഭോക്താവിന്റെ ആരോഗ്യസ്ഥിതിയും ചികിത്സാസംബന്ധമായ വിവരങ്ങളും പൂർണമായി നൽകിയിട്ടുണ്ടെന്നുള്ള ഉറപ്പ്.
- ആവശ്യമായ മരുന്നുകൾ, വ്യക്തിഗത ശുചിത്വ സാമഗ്രികൾ, സഹായ ഉപകരണങ്ങൾ എന്നിവ സ്ഥാപനത്തിന് കൈമാറാമെന്നുള്ള സമ്മതം
- കുടുംബത്തിൽ നിന്നോ നിയമപരമായ രക്ഷിതാവിൽ നിന്നോ ഒരാളെ പ്രാദേശിക ഗാർഡിയൻ/കെയർഗിവർ ആയി നിശ്ചയിച്ചിട്ടുണ്ടെന്നുള്ള പ്രഖ്യാപനം
- അടിയന്തര ചികിത്സ ആവശ്യമായി വരുന്ന സാഹചര്യത്തിൽ പ്രാദേശിക ഗാർഡിയൻ ആശുപത്രിയുമായി ബന്ധപ്പെട്ട് ആവശ്യമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുമെന്നുള്ള സമ്മതം.

ഇപ്രകാരം, റെസ്പൈറ്റ് കെയർ സേവനം ആവശ്യപ്പെടുന്ന ഗുണഭോക്താക്കൾ നിർദിഷ്ട അപേക്ഷാ ഫോമിലും ആവശ്യമായ രേഖകളോടും സത്യവാങ്മൂലത്തോടും കൂടി അപേക്ഷ സമർപ്പിക്കേണ്ടതും, ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ അനുമതിയോടെ സേവനം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. സേവനം കാര്യക്ഷമമായും സുഗമമായും നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പദ്ധതി

നടത്തിപ്പ് സംബന്ധിച്ച വ്യക്തമായ മാർഗരേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.